## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1362 — 03/12/2018-ൽ മറുപടി നൽകേണ്ടത്

### സ്റ്റുഡന്റ് പോലീസ് കേഡറ്റ്

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് രാജാസ് ഹയർ സെക്കണ്ടറി, മാറാക്കര എയ്ഡഡ് ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്(എസ് .പി .സി ) ആരംഭിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് രാജാസ് ഹയർ സെക്കണ്ടറി സ്കൂളുമായി ബന്ധപ്പെട്ട അപേക്ഷ സർക്കാരിലെ ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടുള്ളതും എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടി അപേക്ഷ നിരസിച്ചിട്ടുള്ളതുമാണ്.<br>മാറാക്കര എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി യൂണിറ്റ് അനുവദിയ്ക്കുന്ന അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് മലപ്പുറം പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നല്കിയി രിക്കുന്ന റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു |
| (സി) | പ്രസ്തുത സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | എസ്.പി.സി യൂണിറ്റുകൾ പുതുതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും, തീരുമാനം എടുക്കുന്നതും, പോലീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എസ്.പി.സി ഡയറക്ടറേറ്റിലാണ്. എല്ലാ മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷകൾ എസ്.പി.സി ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകളിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച് നല്കുന്ന വിഷയം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

(7)

C6/17202/17

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
മലപ്പുറം,തിയ്യതി 20/05/2017
Ph:04832734888
e-mail ID:-ddemalappuram@gmail.com

പ്രേഷിതൻ

വിദ്യാഭ്യാസ ഉപഡയറക്ടർ
മലപ്പുറം

സ്വീകർത്താവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സാർ

വിഷയം : പൊ.വി- -കോട്ടക്കൽ ഗവ.രാജാസ് ഹയർസെക്കണ്ടറി സ്കൂളിൽ എസ്.പി.സി യൂണിറ്റ് അനുവദിക്കുന്നത്-റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന : അങ്ങയുടെ 26/04/17 ലെ എം(4)/20968/2017/ഡി.പി.ഐ നമ്പർ കത്ത്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു. നിലവിൽ സ്കൂളുകളിൽ എസ്.പി.സി യൂണിറ്റ് അനുവദിക്കുന്നതിന് നിശ്ചിത അപേക്ഷയിൽ എസ്.പി.സി ജില്ലാ കോർഡിനേറ്റർ,ജില്ലാ പോലീസ് മേധാവി എന്നിവർ മുഖാന്തരം സർക്കാരിലേക്ക് അപേക്ഷിച്ച് സർക്കാർ തീരുമാനപ്രകാരമാണ് യൂണിറ്റ് അനുവദിക്കുന്നത്. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പഠന രംഗത്തും കലാ കായിക രംഗത്തും മികവ് പുലർത്തുന്ന ജില്ലയിലെ മികച്ച സ്കൂളുകളിലൊന്നായ കോട്ടക്കൽ ഗവ.രാജാസ് ഹയർസെക്കണ്ടറി സ്കൂളിൽ എസ്.പി.സി യൂണിറ്റ് അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

OFFICE OF THE DEPUTY DIRECTOR OF EDUCATION
MALAPPURAM
Date..............

വിശ്വാസപൂർവ്വം

വിദ്യാഭ്യാസ ഉപഡയറക്ടർ
മലപ്പുറം